LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാറ്റലൈറ്റ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പുതിയ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാതെ തന്നെ ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ഒരു യൂണിറ്റിനെ പ്രധാനപ്പെട്ട ഒരു സ്ഥലത്ത് വിന്യസിക്കുന്നതിനെയാണ് വർദ്ധിച്ചു വരുന്ന ട്രാഫിക് തിരക്ക് കാരണം നഗര ഭാഗങ്ങളിലുണ്ടാകുന്ന ആക്സിഡന്റുകൾ, മറ്റ് അത്യാഹിതങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാളുകൾ അറ്റന്റ് ചെയ്യുന്നതിന് സമീപത്തുള്ള ഫയർ സ്റ്റേഷനുകളിൽ നിന്നും സംഭവസ്ഥലത്ത് എത്തിച്ചേരുന്നതിന് കാലതാമസമുണ്ടാക്കുകയും രക്ഷാ പ്രവർത്തനത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യാറുണ്ട്. തിരക്കേറിയ ഭാഗങ്ങളിൽ സദാസമയവും ഓരോ യൂണിറ്റുകളെ വിന്യസിപ്പിക്കുന്നത് യഥാസമയം സ്പോട്ടിൽ എത്തിച്ചേരുന്നതിനും രക്ഷാപ്രവർത്തനം സുഗമമാക്കാനും സഹായകമാകുന്നു.

(ബി) സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം

181 (4516) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ, കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ സ്ഥലം ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിച്ച് മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും നിലനിൽക്കുന്നതിനാലും, പോലീസ് സേനാംഗങ്ങൾക്ക് പരേഡ് നടത്തുന്നതിന് സ്ഥലപരിമിതിയുള്ളതിനാലും ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്ത് പോലീസ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുള്ളതിനാലും ഈ സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് വിട്ടുനല്കാൻ നിർവ്വാഹമില്ലെന്ന് പോലീസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ, കല്ലട ഇറിഗേഷൻ പ്രോജക്ട് വക 14.98 ആർ സ്ഥലം (റീ സർവ്വേ നമ്പർ 584/4 കരുനാഗപ്പള്ളി വില്ലേജ്) ഈയാവശ്യത്തിന് ലഭ്യമാക്കുന്നതിനായി ലാന്റ് റിക്വസിഷൻ ഫോം, 22-7-2014-ൽ ഒപ്പു വെച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.